പാഠം 4 ഒക്ടോബർ 21–27

# വിശ്വാസത്താൽ നീതീകരണം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 3:19–28.**

**മനഃപാഠവാക്യം: "അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു." (റോമ. 3:28).**

റോമാലേഖനത്തിലെ അടിസ്ഥാന പ്രതിപാദ്യവിഷയം 'വിശ്വാസത്താൽ നീതീകരണം' എന്നതാണ്. ഏതു സത്യത്തെക്കാളും ഉന്നത സത്യമായ 'വിശ്വാസത്താൽ നീതീകരണ'മെന്ന വിഷയം, പ്രൊട്ടസ്റ്റൻന്റ് നവോത്ഥാനത്തിന്റെ ഫലമായിട്ടാണ് ആവിർഭവിച്ചത്. വിശ്വാസങ്ങളിൽ വിപരീത ചിന്താഗതി ഉണ്ടായിരുന്നിട്ടും 1520 വരെ റോമയിൽ കാര്യമായ ഒരു മാറ്റവും സംഭവിച്ചില്ല. ആ വർഷം പോപ്പ്, ലിയോ, ലൂതറിനെയും ലൂഥറിന്റെ പഠിപ്പിക്കലിനെയും, മാർപാപ്പയുടെ ഒരു ഔദ്യോഗിക ലിഖിതത്തിൽക്കൂടെ അസാധുവായി പ്രഖ്യാപിച്ചു. ഒരു പഠനം ഉണ്ടെങ്കിൽ അത് 'വിശ്വാസത്താൽ നീതീകരണം' ആണ്. വേറെയൊന്നും സ്വീകാര്യമല്ല എന്നു പറഞ്ഞുകൊണ്ട് മാർപ്പാപ്പായുടെ കല്പനയുടെ ഒരു പ്രതി (പതിപ്പ്) ലൂഥർ കത്തിച്ചു കളഞ്ഞു.

'വിശ്വാസത്താൽ നീതീകരണം' എന്ന പദ സമുച്ചയംതന്നെ ഒരു നിയമത്തിന്റെ അടിസ്ഥാനമുള്ള ഒരു പ്രതിരൂപമാണ്. നിയമലംഘി ന്യായാധിപന്റെ മുമ്പിൽ ഹാജരാകണം. അവന്റെ കുറ്റത്തിന്റെ കാഠിന്യം അനുസരിച്ച് അവൻ വധശിക്ഷക്ക് വിധിക്കപ്പെടുന്നു. ഒരു പകരക്കാരൻ വരുന്നു. കുറ്റക്കാരന്റെ അല്ലെങ്കിൽ നിയമലംഘിയുടെ കുറ്റം അവൻ ഏറ്റെടുക്കുന്നു. അങ്ങനെ കുറ്റക്കാരൻ കുറ്റവിമുക്തനാകുന്നു. പകരക്കാരനെ സ്വീകരിക്കുന്നതിലൂടെ കുറ്റവാളി ഇപ്പോൾ ന്യായാധിപന്റെ മുമ്പിൽ, അവന്റെ ലംഘനം മാറ്റപ്പെട്ട അവസ്ഥയിൽ മാത്രമല്ല, ഒരിക്കൽപ്പോലും കുറ്റം ചെയ്യാത്തവനെപ്പോലെ അവനെ കരുതുന്നു. കുറ്റക്കാരനായി കോടതിമുറിയിൽ കൊണ്ടുവന്ന അവസ്ഥയിൽനിന്നും പരിപൂർണ്ണമായി മാറ്റംവന്ന അവസ്ഥയിലേക്ക് അവൻ മാറ്റപ്പെട്ടു. അവന്റെ പകരക്കാരന്റെ മികച്ച രേഖ, ക്ഷമിക്കപ്പെട്ട കുറ്റവാളിക്ക്, ക്ഷമയുടെ ദാതാവിന്റെ സമ്പൂർണ്ണ നിയമാനുസരണ പരിരക്ഷ ലഭിച്ചു.

രക്ഷാപദ്ധതിയിൽ നാം ഓരോരുത്തരും അപരാധികളാണ്. നമ്മുടെ പകരക്കാരനായ യേശുവിന് സമ്പൂർണ്ണ രേഖയാണുള്ളത്. നമുക്കു പകരം അവൻ നില്ക്കുന്നു. അവന്റെ നീതീ നമ്മുടെ അനീതിയുടെ സ്ഥാനത്ത് നില്ക്കുന്നു. അതുകൊണ്ട് ദൈവമുമ്പാകെ നാം നീതീകരിക്കപ്പെടുന്നു. നമ്മുടെ പ്രവൃത്തിയാലല്ല. പിന്നയോ യേശുവിന്റെ നീതീ നമ്മുടേതായി നാം വിശ്വാസത്താൽ സ്വീകരിക്കുമ്പോൾ നമ്മൾ നീതികരിക്കപ്പെടുന്നു. ഈ സുവാർത്തയെക്കുറിച്ച് സംസാരിക്കുക. തീർച്ചയായും ഇതിനെക്കാൾ മെച്ചപ്പെട്ട ഒരു വാർത്ത ഉണ്ടാകാനിടയില്ല.

**ന്യായപ്രമാണത്തിന്റെ പ്രവൃത്തി**

**വായിക്കുക: റോമ. 3:19,20. ന്യായപ്രമാണത്തെപ്പറ്റി പൗലൊസ് ഇവിടെ എന്തു പറയുന്നു? എന്തു ചെയ്യുന്നു? എന്തു ചെയ്യുന്നില്ല? എന്തു ചെയ്യാൻ കഴിയുന്നില്ല? ഈ നിശ്ചിത കാര്യം എല്ലാ ക്രിസ്ത്യാനികളും മനസ്സിലാക്കണം എന്നു പറയുന്നത് എന്തുകൊണ്ട്?**

പൗലൊസ് ന്യായപ്രമാണം എന്ന വാക്ക് വളരെ വിശാലമായ അർത്ഥത്തിൽ ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അപ്പൊസ്തലന്റെ കാലത്ത് യെഹൂദന് അത് ഗ്രഹിക്കാൻ വിഷമമില്ലായിരുന്നു. 'തോറാ' (ന്യായപ്രമാണത്തിന് എബ്രായ ഭാഷയിലുള്ള പദം") എന്ന പദം ഒരു യെഹൂദന്റെ ചിന്തയിൽ അത് ദൈവത്തിന്റെ നേരിട്ടുള്ള നിർദ്ദേശം ആണെന്നാണ്. ഈ നിർദ്ദേശങ്ങൾ തിരുവചനത്തിലെ മോശയുടെ ആദ്യ അഞ്ചു പുസ്തകങ്ങളിൽ പ്രാധാനമായും അടങ്ങിയിരിക്കുന്നു. എന്നാൽ പൊതുവായി പറഞ്ഞാൽ പഴയനിയമ പുസ്തകങ്ങളിൽ ഉടനീളം ന്യായപ്രമാണം അടങ്ങിയിരിക്കുന്നതായി കാണാം. അതീവ ഊന്നൽ കൊടുത്തുകൊണ്ട്, നിയമ പുസ്തകത്തിലും വിധികളിലും സാന്മാർഗ്ഗിക നിയമങ്ങളും ആചാരാനുഷ്ഠാനനിയമങ്ങളും തോറയിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് ഈ നിയമങ്ങൾ എല്ലാംതന്നെ യെഹൂദാമതത്തിന്റെ ഭാഗമാണെന്ന് നാം കരുതുന്നത്.

ന്യായപ്രമാണത്തിൻ കീഴിൽ എന്നു പറഞ്ഞാൽ, ന്യായപ്രമാണത്തിന്റെ നിയമാനുസൃത പരിധിക്കുള്ളിൽ എന്നാണ്. എന്തെന്നാൽ ന്യായപ്രമാണം ഒരു മനുഷ്യന്റെ കുറ്റവും കുറവും, എന്നുവെച്ചാൽ, അവന്റെ പാപം ദൈവമുമ്പാകെ ബോദ്ധ്യം വരുത്തും. ഒരു കാരണവശാലും ന്യായപ്രമാണം ഒരുവന്റെ പാപം ഇല്ലായ്മ ചെയ്യുന്നില്ല. എന്നാൽ ന്യായപ്രമാണത്തിന് എന്തു ചെയ്യാൻ കഴിയും? ഒരു പാപിയെ പാപത്തിന് പരിഹാരം കണ്ടെത്തുന്നതിലേക്ക് നയിക്കാൻ കഴിയും.

നമ്മുടെ കാലഘട്ടത്തിൽ റോമാലേഖനത്തിന്റെ പ്രസക്തി എന്താണെന്നു ചിന്തിക്കുമ്പോൾ യെഹൂദാന്യായപ്രമാണം രക്ഷയ്ക്ക് ഒരു ഘടകമേയല്ല, പ്രത്യേകിച്ച് സാന്മാർഗ്ഗിക നിയമങ്ങൾ. യെഹൂദാന്യായപ്രമാണം യെഹൂദനെ രക്ഷിച്ചതിനപ്പുറമായി സാന്മാർഗ്ഗിക നിയമങ്ങൾ നമ്മെ രക്ഷിക്കുന്നില്ല. ഒരു പാപിയെ രക്ഷിക്കുകയെന്നത് സാന്മാർഗ്ഗിക ന്യായപ്രമാണത്തിന്റെ കർത്തവ്യമല്ല. അതിന്റെ ധർമ്മം ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുക എന്നതാണ്. ആളുകൾ എവിടെയാണ് ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്താൻ പരാജയപ്പെട്ടതെന്ന് ചൂണ്ടിക്കാണിക്കുന്നു.

ഏതു പ്രമാണങ്ങളായാലും, അത് സാന്മാർഗ്ഗിക നിയമങ്ങളോ, ആചാരപരമായ നിയമങ്ങളോ, സിവിൽ നിയമങ്ങളോ അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ചിലത് കൂടിച്ചേർന്നതോ, ഇനിയും ഇവയെല്ലാംകൂടി ഒന്നിച്ചു ചേർന്നതോ ആയാൽപ്പോലും, നിയമങ്ങൾ അനുസരിച്ചാൽ ഒരു മനുഷ്യനും ദൈവസന്നിധിയിൽ നീതിമാനാകുന്നില്ല. ന്യായപ്രമാണം അതിനായിട്ടല്ല വിഭാവനം ചെയ്തിരിക്കുന്നത്. ന്യായപ്രമാണം നമ്മുടെ കുറവുകളെയും, പിഴവുകളെയും ചൂണ്ടിക്കാണിക്കുകയും നമ്മെ ദൈവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

രോഗകാരണങ്ങൾ ഒരിക്കലും രോഗ സൗഖ്യം നൽകുന്നില്ല. അതുപോലെ ന്യായപ്രമാണം ഒരിക്കലും നമ്മെ രക്ഷിക്കുന്നില്ല. രോഗലക്ഷണങ്ങളും നമ്മെ സുഖപ്പെടുത്തുന്നില്ല. മറിച്ച് അവ ചികിത്സയുടെയും സൗഖ്യത്തിന്റെയും ആവശ്യകത നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അതാണ് ന്യായപ്രമാണത്തിന്റെ കർത്തവ്യവും പ്രവൃത്തിയും.

**ന്യായപ്രമാണം പ്രമാണിക്കുന്നതിൽ നിങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ട്? ന്യായപ്രമാണം അനുസരിച്ച് രക്ഷനേടുക എന്നത് ഒരു പാഴ്ശ്രമമായാണെന്ന് നിങ്ങളുടെ ഉത്തരത്തിൽ നിന്നും മനസ്സിലായില്ലേ?**

**തിങ്കൾ** **ഒക്ടോബർ 23**

**ദൈവനീതി**

**റോമ.3:21. ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. ഈ വേദഭാഗത്തിന്റെ അർത്ഥം എങ്ങനെ മനസ്സിലാക്കുന്നു.**

ഈ പുതിയ നീതീകരണം യെഹൂദന് സുപരിചിതമായ ന്യായപ്രമാണത്തിന്റെ നീതീകരണത്തിൽ നിന്നും വ്യത്യസ്തമാണ്. ഈ പുതിയ നീതീകരണം 'ദൈവനീതി' എന്നറിയപ്പെടുന്നു. എന്നുവെച്ചാൽ ദൈവത്തിൽ നിന്നും വരുന്ന നീതീകരണം. ദൈവം ലഭ്യമാക്കുന്ന നീതീകരണം അതൊന്നുമാത്രമാണ് ദൈവം അംഗീകരിക്കുന്ന നീതീകരണം.

ഈ നീതീകരണം ആണ് യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ അവന്റെ ഭൂമിയിലെ ജീവിത കാലയളവിൽ, അവൻ മനുഷ്യരൂപമെടുത്ത കാലയളവിൽ, അവനിൽ ഉണ്ടായിരുന്നത്. ഇതേ നീതീകരണം തന്നെയാണ് വിശ്വാസത്തിൽ അവനെ അംഗീകരിക്കുന്നവർക്ക് കൊടുക്കുവാനായി അവന്റെ പക്കൽ ഉള്ളത്. അവന്റെ നീതീ ആവശ്യപ്പെടുന്നവർക്ക് നൽകാനായി അവന്റെ പക്കൽ ഉള്ളതും ഈ നീതീതന്നെയാണ്. അവർ അർഹിക്കുന്നതുകൊണ്ടല്ല നീതി ലഭിക്കുന്നത്, അവർ ആവശ്യപ്പെടുന്നതുകൊണ്ടാണ് ദൈവം നൽകുന്നത്.

**നീതീകരണം എന്നത് ന്യായപ്രമാണത്തോടുള്ള അനുസരണം ആണ്. ന്യായപ്രമാണം, അനുസരണം ആവശ്യപ്പെടുന്നു. നീതീകരണവും ആവശ്യപ്പെടുന്നു. തന്മൂല ഒരു പാപി ന്യായപ്രമാണത്തോട് കടപ്പെട്ടിരിക്കുന്നു. നീതീകരണം നൽകാൻ ന്യായപ്രമാണം അശക്തമാണ്. നീതീകരണത്തിലേക്ക് എത്താൻ ഓരേയൊരു മാർഗ്ഗം വിശ്വാസത്തിലൂടെയാണ്. പുത്രന്റെ അനുസരണം ഒരു പാപിയുടെ കണക്കി ലേക്ക് മുതൽക്കൂട്ടാക്കാൻ ദൈവത്തിന് കഴിയും. ക്രിസ്തുവിന്റെ നീതീ മനുഷ്യന്റെ വീഴ്ചയ്ക്ക് പരിഹാരമാണ്. ദൈവം പാപക്ഷമ കൊടുക്കുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനെ സ്നേഹിച്ചതുപോലെ ഓരോ പാപിയെയും സ്നേഹിക്കുന്നു. EGW, Selected Messages, Book 1, P. 367. എങ്ങനെ നിങ്ങൾക്ക് ഈ വിലയേറിയ ദൂതും അത്ഭുതമാർന്ന സത്യവും കരസ്ഥമാക്കാൻ കഴിയും കാണുക. റോമ. 3:22.**

യേശുക്രിസ്തുവിന്റെ വിശ്വസ്തത നമുക്കിവിടെ കാണാം. കർത്താവിലുള്ള വിശ്വസ്തതന്നെ. ആ വിശ്വസ്തത ക്രിസ്തീയജീവിതത്തിൽ പ്രവർത്തനനിരതം ആണ്. വിശ്വസ്തത എന്നു പറയുന്നത് ബുദ്ധിപരമായി കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനും അപ്പുറമാണ്. വിശ്വാസം എന്നത്, ചില സത്യങ്ങളും കർത്താവിന്റെ മരണവും അംഗീകരിക്കുന്നതു മാത്രമല്ല. കർത്താവിലുള്ള വിശ്വാസം അവനെ രക്ഷകനായി അംഗീകരിക്കുന്നതിൽ ആണ്. പകരക്കാരനായി കാണണം മാത്രമല്ല ഒരു ജാമ്യക്കാരനായും കാണണം. എല്ലാറ്റിനുപരി ദൈവമായി കാണണം. അത് അവന്റെ ജീവിത ശൈലി തിരഞ്ഞെടുക്കുന്നതിലാണ്. അങ്ങനെ അവന്റെ കല്പനകൾ അനുസരിച്ച് ജീവിക്കണം.

**ചൊവ്വ** **ഒക്ടോബർ 24**

**അവന്റെ കൃപയാൽ റോമ. 3:24**

"അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്" ഇവിടെ എന്താണ്. പൗലൊസ് പറയുന്നത്? വീണ്ടെടുപ്പ് യേശുവിലാണെന്നു പറയുന്നതിന്റെ അർത്ഥം എന്താണ്?

ഇവിടെ പ്രതിപാദിക്കുന്ന നീതീകരണം എന്താണ്? 'ഡിക്കെയൂ' (Dikaioo) എന്ന ഗ്രീക്ക് പദം ആണ് നീതീകരണം എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത്. വിശുദ്ധനാക്കുക, വിശുദ്ധനായി പ്രഖ്യാപിക്കുക, വിശുദ്ധനെന്ന് കരുതുക എന്നൊക്കെയാണ് അർത്ഥം. ഈ വാക്കിന്റെ മൂല പദം 'ഡിക്കയ് ഓസുനെ' (Dikaiosune) അർത്ഥം 'വിശുദ്ധൻ' അല്ലെങ്കിൽ ഒരു വിശുദ്ധന് അവശ്യമുള്ള യോഗ്യത എന്താണ്. അതുകൊണ്ട് നീതീകരണവും വിശുദ്ധീകരണവും തമ്മിൽ ഈടാർന്ന ബന്ധം ഉണ്ട്. ആ ബന്ധം പല പരിഭാഷകളിലും കാണാൻ കഴിയുന്നില്ല. നാം വിശുദ്ധീകരിക്കപ്പെട്ടു എന്ന് ദൈവം പ്രഖ്യാപിക്കുമ്പോൾ നാം വിശുദ്ധീകരിക്കപ്പെടുന്നു.

നീതീകരിക്കപ്പെടുന്നതിനുമുമ്പ് ഒരു വ്യക്തി അനീതിയുള്ളവനാകകൊണ്ട് ദൈവ മുമ്പാകെ അംഗീകരിക്കപ്പെടുന്നില്ല. എന്നാൽ നീതീകരിക്കപ്പെട്ടതിനുശേഷം അവനോ, അവളോ വിശുദ്ധരായിത്തീരുന്നു. അങ്ങനെ ദൈവമുമ്പാകെ അംഗീകരിക്കപ്പെടുന്നു. ഇത് സംഭവിക്കുന്നത് ദൈവത്തിന്റെ കൃപയാൽ ആണ്. കൃപ എന്നാൽ പ്രീതി അല്ലെങ്കിൽ ആനുകൂല്യം എന്നാണ്. ഒരു പാപി രക്ഷയ്ക്കായി കർത്താവിലേക്ക് തിരിയുമ്പോൾ, അത് അവനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിലേക്ക് പരിഗണിക്കും. നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല ഈ ആനുകൂല്യം, വിശ്വാസിയുടെ ഒരു പ്രത്യേക പദവിയും കണക്കിടാതെ, യാതൊരു പ്രത്യേക പരിഗണനയും പ്രത്യേകാൽ കണക്കിടാതെയാണ് ദൈവം കൃപ നൽകുന്നത്. ഒരുവന്റെ നിസ്സഹായാവസ്ഥ ഒന്നു മാത്രമാണ് കൃപ ലഭിക്കുന്നതിനുള്ള യോഗ്യത. ഒരു വ്യക്തി നീതീകരിക്കപ്പെടുന്നത് കർത്താവിലുള്ള വീണ്ടെടുപ്പിൻ ശക്തിമൂലമാണ്. യേശു പാപിയുടെ പകരക്കാരനായി, ജാമ്യക്കാരനായി വീണ്ടെടുപ്പ് സാദ്ധ്യമാക്കി.

റോമാലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്, നീതീകരണം ഒരു പ്രത്യേക അവസരത്തിൽ, പ്രത്യേക നിമിഷത്തിൽ നടക്കുന്ന ഒരു പ്രക്രിയ ആണെന്നാണ്. ഒരു നിമിഷം ആ പാപി രഷയ്ക്ക് പുറത്താണ്. എന്നാൽ അടുത്തനിമിഷം നീതീകരി

ക്കപ്പെട്ടതിന്റെ പിന്നാലെ ആ വ്യക്തി രക്ഷയ്ക്കുള്ളിലാണ്. അവൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു, രക്ഷിക്കപ്പെട്ടിരിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

ഒരു വ്യക്തി ക്രിസ്തുവിലായാൽ, നീതീകരിക്കപ്പെടുക എന്ന പ്രക്രിയ ഒരു കഴിഞ്ഞുപോയ അദ്ധ്യായം ആണ്. ആ അനുഭവം ഉണ്ടായ അവനോ അവളോ പരിപൂർണ്ണമായി ദൈവത്തിൽ തങ്ങളെത്തന്നെ സമർപ്പിക്കുമ്പോൾ അതിന് നീതീകരണം എന്നു പറയുന്നു (റോമ. 5:1). എന്നു വെച്ചാൽ അക്ഷരാർത്ഥത്തിൽ നീതീകരിക്കപ്പെട്ടു.

നീതീകരിക്കപ്പെട്ട പാപിക്ക് വീഴ്ച ഭവിച്ചു. വീണ്ടും ദൈവത്തിലേക്ക് മടങ്ങി വന്നാൽ നീതീകരണം പിന്നെയും ഉണ്ടാകും. വീണ്ടും മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് വരുന്നത് സ്വീകാര്യമാണെങ്കിൽ അത് നിത്യവും സംഭവിക്കുന്നതാണെങ്കിൽ, അതുപോലെതന്നെ നീതീകരണവും തുടർച്ചയായി സംഭവിക്കുന്ന അനുഭവം ആണ്.

**രക്ഷിക്കപ്പെടുക എന്ന നല്ല അനുഭവം ഒരു സുവാർത്തയാണ്. അത് സ്വീകരിക്കുന്നതിൽനിന്നും ആകന്നു നില്ക്കുന്നത് എന്ത് കാരണത്താലാണ്? നിങ്ങളുടെ സ്വകാര്യജീവിതത്തിൽ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന നന്മകൾ സ്വീകരിക്കുന്നതിൽനിന്നും നിങ്ങളെ പിന്തിരിപ്പിക്കുന്നത് എന്താണ്?**

**ബുധൻ** **ഒക്ടോബർ 25**

**യേശുക്രിസ്തുവിന്റെ വിശുദ്ധി.**

റോമ. 3:25 ൽ പൗലൊസ് രക്ഷ എന്ന സുവാർത്തയെക്കുറിച്ച് വ്യക്തമായ വിശദീകരണം തരുന്നു. 'ഹിലാസ്റ്റെറിയോൻ' (hilasterion) എന്ന ഗ്രീക്ക് പദത്തിന്റെ മൊഴി മാറ്റിയ രൂപമാണ് 'ശാന്തമാക്കുക' എന്നത്. ഈ പദം പുതിയനിയമത്തിൽ മാത്രമേ കാണുന്നുള്ളൂ. എബ്രാ. 9:5 ൽ ആണ് ആ പദം ഉള്ളത്. ഇവിടെ അത് 'കൃപാസനം'എന്ന് മൊഴിമാറ്റി ഉപയോഗിച്ചിരിക്കുന്നു. റോമ. 3:25 ൽ ഉപയോഗിച്ചിരിക്കുന്നതുപോലെ, നീതികരണവും, വീണ്ടെടുപ്പും ക്രിസ്തിവിൽക്കൂടെ മാത്രം. കൃപാസനം എന്ന വാക്ക് പഴയനിയമ സത്യകൂടാരത്തിലെ കൃപാസനത്തിന്റെ നിഴലായിരുന്നു. എല്ലാത്തിന്റെയും സമ്പൂർണ്ണ നിറവേറലിനെ സൂചിപ്പിക്കുന്നുള്ളതെന്നാണ് അർത്ഥമാക്കുന്നത്? യേശുക്രിസ്തുവിന്റെ യാഗമരണത്തിലൂടെ അവൻ രക്ഷാമാർഗ്ഗമായി. തദ്വാര രക്ഷാ ദാതാവായി. എന്നുവെച്ചാൽ നാം രക്ഷപ്പെടേണ്ടതിന് അവൻ യാഗമായി.

ഈ വേദവാക്യത്തിൽ പാപത്തിന്റെ ശിക്ഷായിളവുകൂടി പ്രതിപാദിക്കുന്നു. ദൈവം നമ്മെ സ്വീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് നമ്മുടെ പാപമാണ്. നമ്മുടെ പാപം ഇല്ലായ്മ ചെയ്യുന്നതിന് സ്വയമായി നമുക്ക് ഒന്നും ചെയ്യാനില്ല. എന്നാൽ രക്ഷാപദ്ധതിയിൽ ദൈവം അതിനുള്ള എല്ലാ വഴികളും ഒരിക്കിയിട്ടുണ്ട്. യേശുക്രിസ്തു കാൽവറിയിൽ ചൊരിഞ്ഞ രക്തത്തിലുള്ള വിശ്വാസമാണ് അതിനുള്ള മാർഗ്ഗം.

പാരയെസീസ് (Paresis) എന്ന ഗ്രീക്ക് പദമാണ് ശിക്ഷായിളവ് എന്നു ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഈ പദത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം അവഗണിക്കുക, നേട്ടമൊന്നും നൽകാതെ കടന്നുപോകുക, എന്നൊക്കെയാണ്. ഇതൊക്കെ

അർത്ഥമാക്കുന്നത് പാപത്തെ ഒരു കാരണവശാലും നമുക്ക് അവഗണിക്കാൻ സാധിക്കുകയില്ല എന്നാണ്. ദൈവത്തിന് നമ്മുടെ കഴിഞ്ഞകാല പാപത്തെ അവഗണിക്കുകയോ, തള്ളിക്കളയുകയോ ചെയ്യാം. കാരണം ക്രിസ്തു തന്റെ മരണത്താൽ എല്ലാവരുടെയും പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തു. അതുകൊണ്ട് യേശുവിന്റെ രക്തത്തിൽ വിശ്വസിക്കുന്ന ആർക്കും പാപക്ഷമ ലഭിച്ച് രക്ഷയിലേക്ക് കടന്നുവരാം. കാരണം ക്രിസ്തു അവർക്കുവേണ്ടി അവരുടെ പാപത്തിനുവേണ്ടി മരിച്ചു. 1 കൊരി.15:3.

**വായിക്കുക റോമ. 3:26,27. എന്താണ് പൗലൊസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്?**

പൗലൊസ് വളരെ ആകാംക്ഷയോടെ അവന്റെ വാക്ക് കേൾക്കുന്ന എല്ലാവരോടും പങ്കുവെയ്ക്കുന്ന സുവാർത്ത എന്തെന്നാൽ, കർത്താവിന്റെ വിശുദ്ധി നമുക്ക് ലഭിക്കുമെന്നുള്ളതാണ്. കർത്താവിന്റെ വിശുദ്ധി നമുക്ക് ലഭിക്കുന്നത് നമ്മുടെ പ്രവൃത്തി കൊണ്ടോ, നമ്മുടെ മേന്മകൊണ്ടോ അല്ല. യേശുവിലുള്ള വിശ്വാസത്താലാണ് ആണ്. അവൻ നമുക്കായി ചെയ്ത യാഗം മൂലമാണ്.

കാൽവറിയിലെ ക്രൂശ്മരണം മുഖാന്തരം ഒരു പാപിയെ, വിശുദ്ധനായി ദൈവത്തിന് പ്രഖ്യാപിക്കാം. ലോക കാഴ്ചപ്പാടിൽ അത് മേന്മയേറിയതാണ്, ദൈവത്തിന്റെ മുമ്പിൽ സാത്താന് ഒരു ആരോപണവും ഉന്നയിക്കാനില്ല. കാരണം സ്വർഗ്ഗം ഏറ്റവും ഉന്നതമായ യാഗം നടത്തിക്കഴിഞ്ഞിരിക്കുന്നു. കുരിശ് സാത്താന്റെ എല്ലാ ആരോപണങ്ങളെയും തള്ളിക്കയളുന്നു.

**ലോകത്തിൽ പാപമുണ്ടായതുകൊണ്ട് ദൈവം ലോകത്തെ നശിപ്പിച്ചുകളയുമെന്ന് സാത്താൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ രക്ഷാപദ്ധതിയുമായി ഭൂമിയിലേക്ക് അയച്ചു. ദൈവത്തിന്റെ സ്വാഭാവത്തെപ്പറ്റി ഈ ഭാഗം നമ്മെ എന്തു മനസ്സിലാക്കിത്തരുന്നു? ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള അറിവ് നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു? ദൈവത്തിന്റെ സ്വഭാവം എങ്ങനെയെന്ന് അറിയാവുന്നതുകൊണ്ട് അടുത്ത 24 മണിക്കൂർ വാസ്തവമായി എന്തൊക്കെയാണ് നിങ്ങൾ ചെയ്യുന്നത്?**

**വ്യാഴം** **ഒക്ടോബർ 26**

**ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ റോമ. 3:28.**

**"അങ്ങനെ മനുഷ്യൻ ന്യായപ്രമാണ്ത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽതന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു." ഈ വേദഭാഗത്തുനിന്നും ന്യായപ്രമാണം നമ്മെ രക്ഷിക്കുകയില്ല എന്നറിയാം. അതുകൊണ്ട് ന്യായപ്രമാണം അനുസരിക്കേണ്ടതില്ലേ? നിങ്ങളുടെ ഉത്തരം ക്ലാസിൽ ചർച്ച ചെയ്യുക.**

ഈ ചരിത്ര പശ്ചാത്തലത്തിൽ പൗലൊസ് യെഹൂദാന്യായപ്രമാണാനുസരണത്തെപ്പറ്റി അല്പംകൂടെ വിശാല അർത്ഥത്തിൽ റോമ. 3:28 സംസാരിക്കുന്നു. ഒരു യെഹൂദൻ അതീവ ജാഗ്രതയോടുകൂടി ന്യായപ്രമാണം അനുസരിച്ചാലും, ആ ന്യായപ്രമാണത്തിന്റെ കീഴിൽ,നീതീകരണം അസാദ്ധ്യമാണ്. നീതീകരണം സാദ്ധ്യമാകണമെങ്കിൽ, മശീഹയെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്കണം.

റോമ. 3:28 ൽ പൗലൊസ് അഭിപ്രായപ്പെടുന്നത്, ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ ഒന്നും അഭിമാനിക്കാനില്ല എന്നാണ്. മറിച്ച് വിശ്വാസത്തിൽ നമുക്ക് അഭിമാനിക്കാനുണ്ട്. ഒരു മനുഷ്യൻ അവന്റെ പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടാൽ അവന് അതിൽ ആത്മപ്രശംസ നടത്താം. യേശുവിലുള്ള വിശ്വാസത്തിലൂടെ നീതീകരണം പ്രാപിക്കുന്ന ഒരാൾക്ക് യേശുതന്നെയാണ് വിശ്വാസത്തിന്റെ അടിസ്ഥാനം. അങ്ങനെയെങ്കിൽ പ്രശംസ വ്യക്തമായി ദൈവത്തിനുള്ളതാണ്. കാരണം ഒരു പാപിയെ നീതീകരിക്കുന്നത് ദൈവമാണ്.

വിശ്വാസത്താലുള്ള നീതീകരണത്തിന് ഒരു നല്ല നിർവചനം എലൻ ജി. വൈറ്റ് നൽകുന്നു. നീതീകരണം ദൈവത്തിന്റെ പ്രവൃത്തിയാണ്. "പൊടിയിൽ നിന്നും മനുഷ്യനെ മഹത്വമുള്ളവനാക്കിത്തീർത്തു. മനുഷ്യൻ അവന്റെ കഴിവുകൊണ്ടോ, അവന്റെ ശക്തികൊണ്ടോ, സ്വയം ചെയ്യാൻ അസാദ്ധ്യമായത് ദൈവം സാദ്ധ്യമാക്കിക്കൊടുക്കുന്നു." EGW, Testimonies to Ministers and Gospel Workers P. 456.

ന്യായപ്രമാണത്തിന്റെ പ്രവൃത്തികൊണ്ടുമാത്രം നമ്മുടെ പാപത്തിന് പ്രായശ്ചിത്തം ആകുന്നില്ല. നീതീകരണം ലഭ്യമാക്കാൻ സാദ്ധ്യമല്ല. രക്ഷ സാദ്ധ്യമാക്കുന്നത് യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തബലിയിലുള്ള വിശ്വാസം മൂലമാണ്. അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികൊണ്ട് നീതീകരണം സാദ്ധ്യമാകുന്നില്ല. പ്രവൃത്തിയാൽ നീതീകരിക്കപ്പെടുന്നില്ല എന്നു വെച്ചാൽ നമ്മിലുള്ള യോഗ്യതയാൽ നാം ഒരിക്കലും നീതീകരിക്കപ്പെടുന്നില്ല എന്നാണ്.

എന്നാൽ അനേകം ക്രിസ്ത്യാനികൾ ഈ തിരുവചനഭാഗം തെറ്റായി മനസ്സിലാക്കുകയും അസ്ഥാനത്ത് ഉദ്ധരിക്കുകയും ചെയ്യുന്നു. അവരുടെ അഭിപ്രായത്തിൽ വിശ്വസിച്ചാൽ മാത്രം മതി. കല്പനകൾ എന്നു വെച്ചാൽ സാന്മാർഗ്ഗിക കല്പനകൾ പോലും അനുസരിക്കേണ്ടതില്ല. അങ്ങനെ ചെയ്യുന്നതിൽ അവർ പൗലൊസിന്റെ എഴുത്തുകൾ തെറ്റായി ഗ്രഹിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം. റോമാലേഖനത്തിലും മറ്റുലേഖനങ്ങളിലും പൗലൊസ്, സാന്മാർഗ്ഗിക ന്യായപ്രമാണം അനുസരിക്കേണ്ടതിന്റെ ആവശ്യകത വളരെ ശക്തമായിത്തന്നെ ഊന്നിപ്പറയുന്നു. ഭൂമിയിലായിരുന്നപ്പോൾ യേശുക്രിസ്തുവും ഉറപ്പായി അങ്ങനെതന്നെ ചെയ്തിരുന്നു. യോഹന്നാനും യാക്കോബും അങ്ങനെ ചെയ്തിരുന്നു (മത്താ. 19:17; റോമ. 2:13; യാക്കേ. 2;10,11; വെളി. 14:12). പൗലൊസിന്റെ അഭിപ്രായത്തിൽ, ന്യായപ്രമാണം അനുസരിച്ച് നീതീകരണത്തിലേക്ക് കടക്കാം എന്നുള്ളത് മിഥ്യാധാരണയാണ്. വിശ്വാസത്താൽ നീതീകരണം പ്രാപിച്ച ഒരു വ്യക്തി തുടർന്നും ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കും. മാത്രമല്ല അങ്ങനെയുള്ളവർക്ക് മാത്രമേ ന്യായപ്രമാണം അനുസരിക്കാൻ കഴിയൂ. ഒരു പുതുക്കം പ്രാപിക്കാത്ത ഒരാൾക്ക്, നീതീകരിക്കപ്പെടാത്ത ഒരാൾക്ക് ഒരിക്കലും ന്യായപ്രമാണത്തിന്റെ ആവശ്യഘടകങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയില്ല.

**ന്യായപ്രമാണം നമ്മെ രക്ഷിക്കുന്നില്ലെങ്കിൽ അത് പാലിക്കുന്നതിൽ നാം എന്തിന് ബുദ്ധിമുട്ടണം? ഇങ്ങനെ ചിന്തിക്കുന്നതരത്തിലുള്ള കെണിയിൽ**

**പെട്ടെന്ന് അകപ്പെടുന്നത് എങ്ങനെ? എപ്പോഴെങ്കിലും നിങ്ങൾ പാപത്തെ ന്യായീകരിക്കുകയും വിശ്വാസത്തിൽക്കൂടെ നീതികരണം അവകാശപ്പെടുകയും ചെയ്തിട്ടുണ്ടോ? അതൊരു ഭയാനകമായ അവസ്ഥയാകുന്നത് എന്തുകൊണ്ട്? അതേ സമയം രക്ഷ എന്ന വാഗ്ദത്തം അവഗണിച്ചാൽ നാം എവിടെ എത്തും?**

**വെള്ളി** **ഒക്ടോബർ 27**

**കൂടുതൽ ചിന്തയ്ക്ക്**

വായിക്കുക: EGW, The Righteousness of Christ in the Law PP. 286-239. "വരിക, അന്വേഷിക്കുക, കണ്ടെത്തുക" 331-336. Messages book 1 " Things New and Old PP.128,129 in Christ's Object Lessons.

"ന്യായപ്രമാണം പാപത്തിന്റെ ശിക്ഷാവിധി ഇളവ് ചെയ്യാൻ പര്യാപ്തമല്ലെങ്കിലും, പാപിയുടെ പാപത്തിന്റെ എല്ലാ കടങ്ങളോടുംകൂടെ അനുതാപമുള്ള ഹൃദയവും, കർത്താവിന്റെ കൃപയിൽ വിശ്വസിക്കുകയും ചെയ്യുന്ന ഒരുവന് ദൈവം അധികമായ 'മാപ്പ്' വാഗ്ദത്തം ചെയ്തിട്ടുണ്ട്. പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരാത്മാവിന് ദൈവത്തിന്റെ സ്നേഹം അധികമായി കരുതിവെച്ചിട്ടുണ്ട്. ഏതു പാപവും മായിച്ചുകളയണമെങ്കിൽ അത് പിതാവിന് സമനായ പുത്രനായ യേശുക്രിസ്തുവിന്റെ വിശുദ്ധിയാക്കുന്ന ബലികൊണ്ട് മാത്രമേ സാധിക്കൂ യേശുക്രിസ്തുവിന്റെ പ്രവൃത്തി, അവന്റെ ജീവിതം, അവൻ അനുഭവിച്ച അവഹേളനം, മരണം, നഷ്ടപ്പെട്ട പാപിയ്ക്കുവേണ്ടിയുള്ള അവന്റെ മധ്യസ്ഥത ഇവയെല്ലാം ന്യായപ്രമാണത്തെ അന്വർത്ഥമാക്കി കാണിക്കുകയും അതിനെ ബഹുമാനയോഗ്യമാക്കി കാണിക്കുകയും ചെയ്യുന്നു." EGW, Selected Messages, Book 1 P. 371.

"ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ സ്വഭാവത്തിനു പകരം ആകുകയും, പാപം ചെയ്തിട്ടില്ലാത്ത അവസ്ഥയിലേക്ക് ദൈവം നമ്മെ സ്വീകരിക്കുകയും ചെയ്യും" EGW, Steps to Christ P. 62.

ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ നീതീകരിക്കപ്പെട്ടു എന്ന് അപ്പൊസ്തലൻ പറയുമ്പോൾ വിശ്വാസത്തിന്റെ പ്രവൃത്തിയും കൃപയും അതിൽ ഉൾപ്പെടുന്നില്ല. അത്തരം പ്രവൃത്തി ചെയ്യുന്നവർ പ്രവൃത്തിമൂലമാണ് നീതീകരിക്കപ്പെട്ടതെന്ന് അവകാശപ്പെടുന്നില്ല. വിശ്വാസി നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ തന്നെ വിശ്വാസത്തിൽ നീതീകരിക്കപ്പെടുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തി എന്ന് അപ്പൊസ്തലൻ പറയുമ്പോൾ, സ്വയം വിശുദ്ധർ എന്ന് അവകാശപ്പെടുന്നവർ അങ്ങനെ ചെയ്യുമ്പോൾ നീതീകരിക്കപ്പെട്ടു എന്നു വിശ്വസിക്കുന്നു. തന്മൂലം അവരുടെ പ്രവൃത്തികൊണ്ട് തന്നെ അവർ വിശുദ്ധീകരണം പ്രാപിച്ചു എന്നവർ കരുതുന്നു. വേറൊരർത്ഥത്തിൽ പറഞ്ഞാൽ നന്മചെയ്യുമ്പോൾ വിശുദ്ധീകരണം അന്വേഷിക്കുന്നില്ല. എന്നാൽ അവരുടെ പ്രവൃത്തി മൂലം വിശുദ്ധീകരണം പ്രാപിച്ചു എന്നവർ ആത്മപ്രശംസ നടത്താൻ ആഗ്രഹിക്കുകയും ചെയ്യും. Martin Luther, Commentary on Romans, P. 80.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ഈ ആഴ്ചത്തെ പാഠഭാഗങ്ങൾ വായിക്കുക. നിങ്ങളുടെ സ്വന്തവാചകത്തിൽ, വായിച്ച ഭാഗത്തിന്റെ സംക്ഷിപ്തരൂപം ഒരു ഖണ്ഡികയിൽ തയ്യാറാക്കുക. മറ്റുള്ളവരുമായി ചർച്ച ചെയ്യുക.

2. മേൽ ഉദ്ധരിച്ച ലൂതറിന്റെ വിവരണം വായിക്കുക. ഇതുപോലെ സത്യം എഴുതാനുള്ള പ്രേരണ എന്താണ്. ഇന്നത്തെ കാലത്തുപോലും മനസ്സിലാക്കാൻ വൈഷമ്യമുള്ള ഭാഗങ്ങൾ എഴുതാനുള്ള ഉൾപ്രേരണ എന്താണ്?

3. സെവന്ത് ഡേ അഡ്വന്റിസ്റ്റ്കാർ തിരുവചനത്തിൽ നവോത്ഥാന കാഴ്ചപ്പാടിന്റെ ഉപജ്ഞാതാക്കളും, അവകാശികളും ആണെന്നും നീതീകരണം കൃപയാൽ വിശ്വാസത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളു എന്നു വിശ്വസിക്കുകയും ചെയ്യുന്നു. അപ്പൊസ്തലലേഖനത്തിന്റെ തെളിമയും, അതിന്റെ മുൻതൂക്കവും തന്മൂലം പുനഃസ്ഥാപിക്കപ്പെടുന്നു. Ivan T Blazen, “Salvation” Handbook of Seventh - day Adventist Theology (Hagerstown, Md: Review and Herald Publishing Association, 2000) P. 307. ഇവിടെ രേഖപ്പെടുത്തിയ കാര്യങ്ങൾ വിശ്വസിക്കാൻ എന്ത് കാരണമാണ് നമുക്കുള്ളത്.

ഌ ഌ ഌ ഌ